വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ വായ്പയിന്മേലുള്ള പലിശ സബ്സിഡി, വൈദ്യുതി സ്വയംപര്യാപ്തത ലക്ഷ്യമാക്കി റാന്നി-പെരിനാട്, പീച്ചി പദ്ധതികളുടെ നിർമ്മാണം പൂർത്തിയാക്കി കമ്മീഷൻ ചെയ്യൽ, വിദ്യാർത്ഥി സംരംഭകത്വ പദ്ധതി, വിദ്യാർത്ഥികൾക്കുള്ള അധിക നൈപുണ്യ പദ്ധതി, 2011-12 വർഷം 14 ജില്ലകളിലായി ആകെ 3407 ഹെക്ടർ സ്ഥലത്ത് തരിശ്ശുനില കൃഷി നടപ്പിലാക്കൽ, എല്ലാ ക്ഷേമ പെൻഷനുകളും 500 രൂപയായി വർദ്ധിപ്പിച്ചത്, സിവിൽ സപ്ലൈസ് വകുപ്പിൽ കംപ്യൂട്ടറൈസേഷൻ പൈലറ്റ് പ്രോജക്ട്, സ്ത്രീ ശാക്തീകരണ നയത്തിനനുസൃതമായി കെ.എസ്.ആർ.ടി.സി. 46 ബസ് സ്റ്റേഷനുകളിൽ സുരക്ഷിത സ്ത്രീ യാത്രാപദ്ധതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി ജനനിജന്മരക്ഷ, ഗോത്രസാരഥി തുടങ്ങിയ പദ്ധതികൾ, സ്ത്രീകൾക്കും കുട്ടികൾക്കും എതിരായ അതിക്രമം തടയാൻ നിർഭയ, തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട് നഗരങ്ങളിൽ 1522 കോടി രൂപയുടെ സുസ്ഥിര നഗരവികസന പദ്ധതികൾ, ഗവൺമെന്റ് മെഡിക്കൽ കോളേജുകളുടെ എണ്ണം അഞ്ചിൽ നിന്നും പതിനാലാക്കൽ തുടങ്ങിയവ ഈ സർക്കാർ പൂർത്തീകരിച്ച പ്രധാന പദ്ധതികളിൽ ചിലതാണ്. കൂടാതെ കേരളത്തിന്റെ സ്വപ്ന പദ്ധതിയായ കൊച്ചി മെട്രോ നിർമ്മാണം അന്തിമഘട്ടത്തിലാണ്. കൊച്ചി സ്മാർട്ട് സിറ്റി പദ്ധതിയും പുരോഗമിച്ചു വരികയാണ്.

ബി.റ്റു.ബി. വ്യവസായ സംഗമം

9 (* 38) <u>ശ്രീ. ലൂഡി ലൂയിസ്</u>:

<u>ശ്രീ. എ. റ്റി. ജോർജ്</u>:

<u>ശ്രീ. പാലോട് രവി</u>:

<u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ബി.റ്റു.ബി. വ്യവസായ സംഗമം നടത്തിയിട്ടുണ്ടോ ;

(ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(സി) എന്തെല്ലാം വിഷയങ്ങളാണ് പ്രസ്തുത സംഗമത്തിൽ ചർച്ച ചെയ്യപ്പെട്ടിട്ടുള്ളത് ;

(ഡി) സംഗമത്തിൽ ചർച്ച ചെയ്ത വിഷയങ്ങളിൽ എന്തെല്ലാം തുടർ നടപടികളാണ് എടുക്കാൻ ഉദ്ദേശിക്കുന്നത് ?

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ) ഉണ്ട്. 2004, 2005, 2007, 2015 എന്നീ വർഷങ്ങളിൽ ബി.ടു.ബി. വ്യവസായ സംഗമം നടത്തിയിട്ടുണ്ട്. 2015-ലെ ബി.ടു.ബി. വ്യവസായ സംഗമം ഫെബ്രുവരി 26 മുതൽ 28 വരെ കൊച്ചിയിൽ വച്ചാണ് നടത്തിയത്.

(ബി) കേരളത്തിലെ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങളെ വിപണനത്തിന് സഹായിക്കുക, കേരളത്തിന് അകത്തുള്ള വ്യവസായികൾക്ക് അവരുടെ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുവാനും കേരളത്തിന് പുറമേ നിന്നുള്ളവർക്ക് വിപണനം നടത്തുവാനും സഹായകമാക്കുക, കേരളത്തിലെ സംരംഭകർക്ക് അന്തർ ദേശീയ വിപണന മേഖലയെ പരിചയപ്പെടുത്തുക, മറ്റ് ഉൽപ്പാദന വിപണന സൗകര്യങ്ങളും പശ്ചാത്തലവും മനസ്സിലാക്കിക്കൊടുക്കുക, വിപണി മൽസരം അതിജീവിക്കാൻ പ്രാപ്തരാക്കുക തുടങ്ങിയവയാണ് ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) കേരളത്തിന്റെ പ്രധാനപ്പെട്ട ചില മേഖലകൾ കേന്ദ്രീകരിച്ചാണ് ബി2 ബി സംഗമം സംഘടിപ്പിക്കാറുള്ളത്. 2015 -ലെ ബി2 ബി സംഗമത്തിൽ ഭക്ഷ്യ സംസ്കരണ മേഖല, കൈത്തറി തുണികളും വസ്ത്ര നിർമ്മാണവും, റബ്ബർ-തടി അധിഷ്ഠിത വ്യവസായങ്ങൾ, ആയുർവ്വേദവും ഔഷധ സസ്യങ്ങളും, ഇലക്ട്രിക്കലും ഇലക്ട്രോണിക്സും, പരമ്പരാഗത മേഖല തുടങ്ങിയ 7 വിഭാഗത്തിൽപ്പെട്ട കേരളത്തിലെ സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ മേഖലയിലെ ഉൽപ്പാദകർക്ക് അവരുടെ ഉല്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും കേരളത്തിന് വെളിയിൽ നിന്നുള്ള കച്ചവടക്കാർക്ക് അവ വാങ്ങുന്നതിനുള്ള ട്രേഡ് എഗ്രിമെന്റ് നടത്തുന്നതിനുമാണ് പ്രധാനമായും ചർച്ചകൾ നടന്നിട്ടുള്ളത്. കേരളത്തിൽ നിന്നും 150 സൂക്ഷ്മ, ചെറുകിട ഇടത്തരം വ്യവസായിക ഉൽപ്പാദകർ ഈ മീറ്റിൽ പങ്കെടുക്കുകയുണ്ടായി. രജിസ്റ്റർ ചെയ്ത 501 ബയർമാരിൽ നിന്നും 289 പേരും സ്പോർട്ട് രജിസ്ട്രേഷൻ വഴി 154 പേരും ഉൾപ്പെടെ 443 ബയർമാർ പങ്കെടുത്തു.

(ഡി) ബി.ടു.ബി. മീറ്റിൽ SME യൂണിറ്റുകൾക്ക് ലഭിച്ച Trade Enquiry-കൾ പൂർത്തീകരിക്കുവാൻ വേണ്ട സഹായ സഹകരണങ്ങൾ നൽകുക, അന്താരാഷ്ട്ര വിപണിയിലെ സാധ്യതകൾ പ്രയോജനപ്പെടുത്തുവാൻ യൂണിറ്റുകളെ സജ്ജരാക്കുക, തുടർ ചർച്ചകൾക്ക് വഴിയൊരുക്കുക തുടങ്ങിയ തുടർ നടപടികളാണ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly